2026
OCTOBER
24
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



# വിദേശ കമ്പനികളെ ഉന്നംവെച്ച് ഇന്ത്യയിലെ ഐടി സ്ഥാപനങ്ങൾ

**മുംബൈ:** ഡാറ്റ അനലിറ്റിക്സ്, എഐ മേഖലകൾ കൂടുതൽ ശക്തമാക്കാൻ ഇന്ത്യയിലെ ഐടി കമ്പനികൾ വിദേശ സ്ഥാപനങ്ങളെ ഏറ്റെടുക്കുന്നു.

യുഎസ്, യുകെ, യൂറോപ്പ് എന്നിവിടങ്ങളിലെ 6 കോടി ഡോളർ വരെ വരുമാനമുള്ള കമ്പനികളെയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. 20 കോടി ഡോളർ (2,000 കോടി രൂപ) വരെ മൂല്യമുള്ളവയാണ് പല ഇടപാടുകളും.

പ്രതീക്ഷിച്ചപോലെ വളർച്ചയുണ്ടാകാതിരുന്നതും സാമ്പത്തിക അനിശ്ചിതത്വങ്ങളും എഐ മൂലമുണ്ടായ മാറ്റങ്ങളുമാണ് ഐടി കമ്പനികളെ തന്ത്രപരമായ മാറ്റത്തിന് പ്രേരിപ്പിക്കുന്നത്. വൻകിട ഉപഭോക്താക്കളെ നേടാനും ഡാറ്റ എൻജിനീയറിങ്, അനലിറ്റിക്സ്, കൺസൾട്ടിങ് മേഖലകളിൽ വൈദഗ്ധ്യം കൈവരിക്കാനുമാണ് ഏറ്റെടുക്കലിലൂടെ ശ്രമിക്കുന്നത്.

ജീവനക്കാരുടെ എണ്ണം അടിസ്ഥാനമാക്കിയുള്ള പ്രവർത്തനരീതിയിൽ നിന്ന് മാറി വൻകിട ഡിജിറ്റൽ പരിവർത്തന പദ്ധതികളിൽ മികച്ച പങ്കാളിത്തം ഉറപ്പാക്കാൻ ഏറ്റെടുക്കലുകൾ ഉപകരിക്കുമെന്നാണ് കണക്കാക്കുന്നത്.

കമ്പനികളുടെ ഇടപാടുകളേക്കാൾ മറ്റ് സ്ഥാപനങ്ങളുമായുള്ള ബന്ധം, വളർച്ച നേടാൻ സാധ്യതയുള്ള ബിസിനസ് മോഡലുകൾ എന്നിവ വിലയിരുത്തിയാണ് ഏറ്റെടുക്കൽ നടക്കുന്നത്. ഹെൽത്ത്കെയർ, ബാങ്കിങ്, ധനകാര്യ സേവനം, സൈബർസെക്യൂരിറ്റി എന്നീ മേഖലകളിലെ കമ്പനികൾക്ക് ഉയർന്ന മൂല്യസാധ്യതയാണ് കൽപ്പിച്ചിട്ടുള്ളത്.




## ഇന്ത്യയിൽ ആപ്പിളിന്റെ വരുമാനം ഒരു ലക്ഷം കോടി കടന്നു

**മുംബൈ:** ഇന്ത്യൻ വിപണിയിൽ ആപ്പിൾ ഉൽപ്പന്നങ്ങൾക്കുള്ള സ്വീകാര്യത വർധിക്കുന്നു. 2026 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ ഇന്ത്യയിലെ ആപ്പിളിന്റെ വരുമാനം ആദ്യമായി ഒരുലക്ഷം കോടി രൂപ കടന്നു.

ഐഫോൺ ഉൾപ്പെടെയുള്ള പ്രീമിയം ഉൽപ്പന്നങ്ങൾക്കുള്ള വർധിച്ച ആവശ്യമാണ് കമ്പനിയുടെ വളർച്ചയ്ക്ക് പ്രധാന കരുത്തായത്. വരുമാനത്തിനൊപ്പം ലാഭത്തിലും കമ്പനി വലിയ മുന്നേറ്റം രേഖപ്പെടുത്തി.കമ്പനീസ് രജിസ്ട്രാർക്ക് സമർപ്പിച്ച സാമ്പത്തിക രേഖകൾ പ്രകാരം, 202526 സാമ്പത്തിക വർഷത്തിൽ ഇന്ത്യയിലെ ആപ്പിളിന്റെ പ്രവർത്തന വരുമാനം 31% വർധിച്ച് 1,03,853 കോടി രൂപയായി. മുൻ സാമ്പത്തിക വർഷത്തിൽ ഇത് 79,060 കോടി രൂപയായിരുന്നു. ലാഭം 66% ഉയർന്ന് 5,311 കോടി രൂപയിലെത്തി.

2024–25 സാമ്പത്തിക വർഷത്തിൽ 3,196 കോടി രൂപയായിരുന്നു കമ്പനിയുടെ ലാഭം. അന്ന് ലാഭവളർച്ച 16% മാത്രമായിരുന്നു. വരുമാനത്തേക്കാൾ വേഗത്തിൽ ലാഭം ഉയർന്നത് ഇന്ത്യൻ വിപണിയിൽ ആപ്പിളിന്റെ ബിസിനസ് കൂടുതൽ ശക്തമാകുന്നതിന്റെ സൂചനയാണ്.




## ലുലു ഗ്രൂപ്പ് യുഎസിലേക്കും; ഭക്ഷ്യസംസ്കരണ, ലോജിസ്റ്റിക്സ് കേന്ദ്രങ്ങൾ തുറക്കും

**ദുബായ്:** ലുലു ഗ്രൂപ്പ് ഇന്റർനാഷനൽ അമേരിക്കയിൽ ഭക്ഷ്യസംസ്കരണ, ലോജിസ്റ്റിക്സ് കേന്ദ്രങ്ങൾ തുറക്കുന്നു. ടെക്സസിലെ ഹൂസ്റ്റണിൽ 90,000 ചതുരശ്രഅടിയിൽ ആധുനിക സൗകര്യങ്ങളോടെയാണു പുതിയ കേന്ദ്രം തുറക്കുന്നതെന്ന് ചെയർമാൻ എം.എ. യൂസഫലി പറഞ്ഞു. 2 നിലകളിലായി ഓഫിസും വെയർഹൗസും പ്രവർത്തിക്കും.

ഹൂസ്റ്റൺ ബ്രൂക്ഷെയറിലുള്ള ഭക്ഷ്യസംസ്കരണ കയറ്റുമതി കേന്ദ്രം 5 ഏക്കറിലാണു സ്ഥിതി ചെയ്യുന്നത്. പ്രാദേശിക കർഷകരിൽ നിന്ന് ഉൽപന്നങ്ങൾ ഇടനിലക്കാരില്ലാതെ സംഭരിച്ചു വിവിധ ഹൈപ്പർ മാർക്കറ്റുകളിൽ എത്തിക്കും. ലൊസാഞ്ചലസ്, വാഷിങ്ടൻ സിറ്റി തുടങ്ങിയ നഗരങ്ങളിലും ലുലുവിന്റെ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കും.

ബ്രിട്ടൻ, സ്പെയിൻ, ഇറ്റലി, പോളണ്ട്, ദക്ഷിണാഫ്രിക്ക, യുഗാണ്ട, ചൈന, ശ്രീലങ്ക, കിഴക്കനേഷ്യൻ രാജ്യങ്ങൾ ഉൾപ്പെടെ ഇരുപത്തിയഞ്ചോളം രാജ്യങ്ങളിൽ നിലവിൽ ഭക്ഷ്യസംസ്കരണ, ലോജിസ്റ്റിക്സ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കാനഡയിലും ഓസ്ട്രേലിയയിലും പുതിയ കേന്ദ്രങ്ങൾ അടുത്ത വർഷം ആരംഭിക്കും.

## ജിയോ പ്ലാറ്റ്ഫോംസ് ഐപിഒയ്ക്ക് വൻ ഡിമാൻഡ്; 100% കടന്ന് റീട്ടെയ്ൽ അപേക്ഷകൾ

**മുംബൈ:** ജിയോ പ്ലാറ്റ്ഫോംസ് ലിമിറ്റഡിന്റെ 30,230 കോടി രൂപയുടെ റെക്കോർഡ് ഐപിഒയ്ക്ക് രണ്ടാംദിവസവും വൻ ഡിമാൻഡ്. ചെറുകിട (റീട്ടെയ്ൽ) നിക്ഷേപകർക്കായി നീക്കിവച്ച ഓഹരികൾക്ക് 100 ശതമാനത്തിലധികം അപേക്ഷകൾ ലഭിച്ചു.

ജിയോ ഐപിഒയ്ക്ക് ആകെ 3.5 മടങ്ങ് അപേക്ഷകൾ ലഭിച്ചു. ആകെ വിൽപനയ്ക്കുള്ളത് 19.75 കോടി ഓഹരികളാണ്. എന്നാൽ, 69.08 കോടി ഓഹരിക്കുള്ള ഡിമാൻഡ് ഇതിനകം ലഭിച്ചു.

യോഗ്യരായ നിക്ഷേപക സ്ഥാപനങ്ങൾക്കുള്ള (ക്യുഐബി) ഓഹരികളിൽ അപേക്ഷ 9.42 മടങ്ങാണ്. 4.9 കോടി ഓഹരികളാണ് ഈ വിഭാഗത്തിലുള്ളത്.

അപേക്ഷ ലഭിച്ചത് 46.15 കോടി ഓഹരികൾക്ക്. സ്ഥാപനേതര നിക്ഷേപകരിൽ (എൻഐഐ) നിന്ന് 2.42 മടങ്ങും റീട്ടെയിൽ നിക്ഷേപകരിൽ നിന്ന് 1.02 മടങ്ങും അപേക്ഷകൾ ലഭിച്ചു. ജീവനക്കാർക്കുള്ള വിഭാഗത്തിൽ 1.61 മടങ്ങ്, ഓഹരി ഉടമകൾക്കുള്ള വിഭാഗത്തിൽ 2.06 മടങ്ങ് എന്നിങ്ങനെയുമാണ് അപേക്ഷകൾ ലഭിച്ചത്.

ഐപിഒയുടെ ലക്ഷ്യം 30,230 കോടി രൂപയാണെങ്കിൽ ആങ്കർ നിക്ഷേപകരിൽ നിന്നടക്കം ലഭിച്ച അപേക്ഷകൾ പരിഗണിച്ചാൽ മൊത്തം 3.2 ലക്ഷം കോടി രൂപയുടെ ഓഹരികൾക്ക് ഡിമാൻഡുണ്ട്. ലിസ്റ്റ് ചെയ്യും മുൻപുള്ള അനൗദ്യോഗിക വിപണിയായ ഗ്രേ മാർക്കറ്റിൽ 246 രൂപ അധികമാണ് (ജിഎംപി/ഗ്രേ മാർക്കറ്റ് പ്രീമിയം) ജിയോ ഓഹരികളുടെ വില.

അതായത്, ഐപിഒയിലെ ഏറ്റവും ഉയർന്ന വിലയായ 1119 രൂപയേക്കാൾ 22% അധികം. ലിസ്റ്റ് ചെയ്യുമ്പോൾ നേട്ടം കിട്ടിയേക്കാമെന്നാണ് ഇതു സൂചിപ്പിക്കുന്നത്. നാളെ (ഒക്ടോബർ 23) വരെയാണ് ഐപിഒ. ഒക്ടോബർ 28ന് ലിസ്റ്റ് ചെയ്യും.

100 മിനിറ്റിൽ 100 ശതമാനം

ജിയോ പ്ലാറ്റ്ഫോംസ് മിനിറ്റുകൾക്കുള്ളിൽ പൂർണ സബ്സ്ക്രിപ്ഷൻ നേടിയപ്പോൾ, രാജ്യത്തെ പല വലിയ ഐപിഒകൾക്കും ആദ്യദിനം താരതമ്യേന മങ്ങിയ പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്.

എന്നാൽ, 2008ൽ വ്യാപാരം ആരംഭിച്ച് ഒരു മിനിറ്റിനുള്ളിൽ തന്നെ പൂർണമായി സബ്സ്ക്രൈബ് ചെയ്യപ്പെട്ട റിലയൻസ് പവറിനാണ് ഇക്കാര്യത്തിൽ റെക്കോർഡ്.



# പാട്ടുകാരി മ്യൂസിക് വീഡിയോ യൂട്യൂബ് റിലീസ് മുഖ്യമന്ത്രി നിർവഹിച്ചു

**കൊച്ചി:** പി കെ വേലായുധൻ രചനയും സനീഷ് കുഞ്ഞൂഞ്ഞ് സംവിധാനവും നിർവഹിച്ച പാട്ടുകാരി എന്ന മ്യൂസിക് വീഡിയോയുടെ യൂട്യൂബ് റിലീസ് മുഖ്യമന്ത്രി വിഡി സതീശൻ നിർവഹിച്ചു. മഹാരാജാസ് കോളേജ് വിദ്യാർത്ഥിയായിരിക്കെ 30 വർഷം മുമ്പ് പി കെ വേലായുധൻ രചിച്ചതാണ് ഈ ഗാനം. സ്കൂൾ വിദ്യാർത്ഥിയായിരിക്കെ ഒരു ആൺകുട്ടിക്ക് പാട്ടുകാരിയായ ഒരു പെൺകുട്ടിയുമായി ഉണ്ടായ മാനസിക അടുപ്പത്തിന്റെ കഥ പറയുന്നതാണ് മൂന്നു മിനിറ്റ് ദൈർഘ്യമുള്ള ഈ മ്യൂസിക് വീഡിയോ.

മൂവാറ്റുപുഴ സ്വദേശികളും അധ്യാപകരുമായ അനീഷ് പി ചിറക്കലിന്റെയും ബിനി ബാലചന്ദ്രന്റെയും മകളായ കങ്കണയും മേവള്ളൂർ കുഞ്ഞിരാമൻ മെമ്മോറിയൽ ഹൈസ്കൂളിലെ വിദ്യാർത്ഥി ഹാർദ്ദവും മികച്ച പ്രകടനമാണ് ഗാനരംഗത്ത് കാഴ്ച വെയ്ക്കുന്നത്. ടെലി സീരിയൽ നടനായ പ്രകാശ് സഹദേവൻ, തിയറ്റർ ആർട്ടിസ്റ്റും മൂവാറ്റുപുഴ എസ് എൻ ബി എഡ് കോളേജിലെ വിദ്യാർഥിനിയുമായ വൃന്ദ ബിനു എന്നിവരും മേവള്ളൂർ കുഞ്ഞിരാമൻ മെമ്മോറിയൽ ഹൈസ്കൂളിലെ വിദ്യാർത്ഥികളും ഗാനരംഗത്ത് അഭിനയിക്കുന്നുണ്ട്.

കോട്ടയം മേവെള്ളൂർ കുഞ്ഞിരാമൻ മെമ്മോറിയൽ ഹൈസ്കൂൾ ആണ് പ്രധാന ലൊക്കേഷൻ. മൂന്നു മിനിറ്റുള്ള മനോഹര ഗാനത്തിന് ക്യാമറ ചലിപ്പിച്ചത് നിയാസ് സയ്യിദ് ആണ്.

എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസറാണ് പി കെ വേലായുധൻ. അഭിഭാഷകനും മാധ്യമപ്രവർത്തകനുമാണ് സനീഷ് കുഞ്ഞൂഞ്ഞ്.

ഇരുവരും കേരള പ്രസ് അക്കാദമിയിലെ സഹപാഠികൾ ആയിരുന്നു.

# മൂന്നാറിലെ ഡബിൾ ഡക്കർ ഹിറ്റ്; വരുമാനം 4.06 ലക്ഷം രൂപ



**ഇടുക്കി:** മൂന്നാറിലേക്ക് വിനോദസഞ്ചാരികൾ ഒഴുകിയെത്തിയതോടെ കെഎസ്ആർടിസിയുടെ റോയൽ വ്യൂ ഡബിൾ ഡക്കർ ബസ് സർവീസിനും മികച്ച വരുമാനം. കഴിഞ്ഞ 17 മുതൽ 21 വരെയുള്ള അഞ്ച് ദിവസത്തിനിടെ രണ്ട് ഡബിൾ ഡക്കർ ബസുകളിലായി 1,191 പേരാണ് യാത്ര ചെയ്തത്. ഇതിലൂടെ 4,06,000 രൂപയുടെ വരുമാനം ലഭിച്ചു.

മൂന്നാറിലെത്തുന്ന വിനോദസഞ്ചാരികൾക്ക് വ്യത്യസ്തമായ യാത്രാനുഭവം സമ്മാനിക്കുന്ന കെഎസ്ആർടിസിയുടെ റോയൽ വ്യൂ ഡബിൾ ഡക്കർ ബസുകൾ ഇതിനകം സഞ്ചാരികളുടെ പ്രിയപ്പെട്ട ആകർഷണമായി മാറിയിട്ടുണ്ട്. മഞ്ഞുമൂടിയ മലനിരകളുടെയും പച്ചപ്പാർന്ന തേയിലത്തോട്ടങ്ങളുടെയും പ്രകൃതിഭംഗി ആസ്വദിച്ചുള്ള യാത്രയാണ് ഈ സർവീസിൻറെ പ്രത്യേകത.

മൂന്നാറിൽനിന്ന് കൊച്ചിധനുഷ്കോടി ദേശീയപാതയിലൂടെ ആനയിറങ്കൽ അണക്കെട്ടിന് സമീപം വരെയാണ് ബസ് സർവീസ് നടത്തുന്നത്. യാത്രയ്ക്കിടെ അഞ്ച് സ്ഥലങ്ങളിൽ ബസ് നിർത്തുന്നതിനാൽ സഞ്ചാരികൾക്ക് പ്രകൃതിഭംഗി ആസ്വദിക്കാനും കാഴ്ചകൾ പകർത്താനും അവസരമുണ്ട്.

2025 ഫെബ്രുവരി എട്ടിനാണ് കെഎസ്ആർടിസിയുടെ ആദ്യ റോയൽ വ്യൂ ഡബിൾ ഡക്കർ സർവീസ് മൂന്നാറിൽ ആരംഭിച്ചത്.

വിനോദസഞ്ചാരികളുടെ മികച്ച പ്രതികരണത്തെ തുടർന്ന് കഴിഞ്ഞ ജനുവരിയിൽ രണ്ടാമത്തെ ബസും സർവീസ് തുടങ്ങി.




# ഗവർണർ രാജേന്ദ്ര ആർലേക്കർക്ക് യാത്രയയപ്പ് നൽകി

**തിരുവനന്തപുരം:** ഗവർണർ രാജേന്ദ്ര ആർലേക്കറുമായി സർക്കാരിന് ഊഷ്മളമായ ബന്ധമാണുണ്ടായിരുന്നതെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ. ഗ്രാൻഡ് ഹയാത്ത് ഹോട്ടലിൽ ഗവർണർക്ക് ഒരുക്കിയ ഔദ്യോഗിക യാത്രയയപ്പ് വിരുന്നിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. സർക്കാരിന്റെയും ജനങ്ങളുടെയും നന്ദി ഗവർണറെ അറിയിക്കുന്നുവെന്നും പുതിയ ഉദ്യമത്തിൽ വിജയാശംസകൾ നേരുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു. സർക്കാരുമായി ചേർന്ന് പ്രവർത്തിക്കാൻ ശ്രമിച്ച ഗവർണറാണ് രാജേന്ദ്ര ആർലേക്കറെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയും സാധാരണക്കാരുമായി ഏറ്റവും അടുത്തിടപഴകിയ ഗവർണറാണ് ആർലേക്കറെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണനും പറഞ്ഞു. കേരളത്തിലെ ജനങ്ങൾ നൽകിയ സ്നേഹവായ്പ് തിരിച്ചുനൽകുക മാത്രമാണ് താൻ ചെയ്തതെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മറുപടി പ്രസംഗത്തിൽ പറഞ്ഞു. ഗവർണർക്ക് മുഖ്യമന്ത്രി കേരളത്തിന്റെ ആദരം അർപ്പിച്ചു. മന്ത്രിമാരായ സണ്ണി ജോസഫ്, ബിന്ദു കൃഷ്ണ, അനൂപ് ജേക്കബ്, എം.ലിജു, എംഎൽഎമാരായ എം വിൻസെന്റ്, വി മുരളീധരൻ, സുധീർഷാ പാലോട്, മേയർ വി വി രാജേഷ്, അഡീഷണൽ ചീഫ് സെക്രട്ടറിമാരായ മിൻഹാജ് ആലം, എ.പി.എം.മുഹമ്മദ് ഹനീഷ്, ഡിജിപി റവാഡ ചന്ദ്രശേഖർ, എഡിജിപി പി.വിജയൻ, ജിഎഡി പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ബി.അശോക് എന്നിവരും മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥർ, ഗവർണറുടെ സ്റ്റാഫംഗങ്ങൾ, സർക്കാർ ഉദ്യോഗസ്ഥർ മുതലായവരും യാത്രയയപ്പ് വിരുന്നിൽ പങ്കെടുത്തു.





വിജയകരമായ ശസ്ത്രക്രിയക്ക് ശേഷം രണ്ടു വയസ്സുകാരി പ്രിയാൻഷി, മാതാപിതാക്കളായ രാജേന്ദ്ര പാണ്ഡയുടെയും പുഷ്പലത പാണ്ഡയുടെയും ഒപ്പം.

# ബാറ്ററി വില്ലനായി; രണ്ട് വയസുകാരിയെ ജീവിതത്തിലേക്കു കൈപിടിച്ച് ആസ്റ്റർ മെഡ്സിറ്റിയിലെ വിദഗ്ധ സംഘം

**കൊച്ചി:** വീട്ടിൽ കളിക്കുന്നതിനിടെ കൈയിൽ കിട്ടിയ കുഞ്ഞൻ ബട്ടൺ ബാറ്ററിയോട് തോന്നിയ രണ്ടു വയസ്സുകാരിയുടെ കൗതുകം. അബദ്ധത്തിൽ ആ ബാറ്ററി വിഴുങ്ങിയ, ഒഡീഷയിൽ നിന്നുള്ള അതിഥി തൊഴിലാളികളുടെ മകൾ പ്രിയാൻഷിയെ എത്തിച്ചത് മരണം മുന്നിൽ കണ്ട ദിവസങ്ങളിലേക്കായിരുന്നു. വെള്ളം കുടിച്ചാൽ പോലും ശ്വാസകോശത്തിലേക്ക് ഇറങ്ങിപ്പോകുന്ന, ഏതു നിമിഷവും നിലയ്ക്കാവുന്ന ശ്വാസവുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിൽ എത്തിയ കുഞ്ഞിന് ഇത് രണ്ടാം ജന്മം.

പെരുമ്പാവൂർ ഒടക്കാലിയിൽ താമസിക്കുന്ന രാജേന്ദ്ര പുഷ്പലത പാണ്ഡ ദമ്പതികളുടെ മകളായ പ്രിയാൻഷി കളിക്കുന്നതിനിടെ അബദ്ധത്തിൽ ബാറ്ററി വിഴുങ്ങുകയായിരുന്നു. ഉടൻ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ച് ബാറ്ററി പുറത്തെടുത്തു. എന്നാൽ അതിലെ രാസവസ്തുക്കൾ കുട്ടിയുടെ അന്നനാളത്തിലും ശ്വാസനാളത്തിലും ഗുരുതരമായ പൊള്ളലേൽപ്പിച്ചിരുന്നു. തുടർന്ന് രണ്ട് നാളങ്ങൾക്കുമിടയിൽ, ദ്വാരം രൂപപ്പെടുകയും കുട്ടി കുടിക്കുന്ന വെള്ളം ശ്വാസകോശത്തിലേക്ക് ഇറങ്ങി, ജീവന് തന്നെ ഭീഷണിയാകുന്ന സാഹചര്യമുണ്ടായി. മറ്റ് ആശുപത്രികളിൽ ചികിത്സ തേടിയെങ്കിലും കുട്ടിയുടെ നില വഷളായതിനെത്തുടർന്നാണ് ആസ്റ്റർ മെഡ്സിറ്റിയിലേക്ക് എത്തിയത്. ഹെഡ് ആൻഡ് നെക്ക് ഓങ്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ഷോൺ ടി. ജോസഫിന്റെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘം രാത്രി ഏറെ വൈകിയും നടത്തിയ അതിസങ്കീ!ർണമായ ശസ്ത്രക്രിയ വിജയം കണ്ടു. കുട്ടിയുടെ അന്നനാളത്തിലെയും ശ്വാസനാളത്തിലെയും ദ്വാരം അടയ്ക്കാനായി. കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി സീനിയർ കൺസൾട്ടന്റ് ഡോ. മനോജ് പി. നായർ, ഹെഡ് ആൻഡ് നെക്ക് ഓങ്കോളജി അസോസിയേറ്റ് കൺസൾട്ടന്റുമാരായ ഡോ. സൗരഭ് പത്മനാഭൻ, ഡോ. സാറാ മേരി തമ്പി; ഹെഡ് ആൻഡ് നെക്ക് സർജിക്കൽ ഓങ്കോളജി അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. അഭിജിത്ത് ജോർജ്; ലാറിംഗോളജി, ഹെഡ് ആൻഡ് നെക്ക് സർജറി വിഭാഗം അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. കാരുണ്യ ആർ. ഗോപാൽ; അനസ്തേഷ്യോളജി ആൻഡ് ക്രിട്ടിക്കൽ കെയർ സീനിയർ കൺസൾട്ടന്റ് ഡോ. കവിത സദൻ, വോയിസ് ആൻഡ് സ്വാലോയിംഗ് പാത്തോളജിസ്റ്റ് ഹീര തോമസ്, സ്റ്റാഫ് നഴ്സ് ഹൃദ്യ എന്നിവരടങ്ങിയ സംഘമാണ് ചികിത്സയ്ക്ക് നേതൃത്വം നൽകിയത്. കഴുത്തിനും നെഞ്ചിനും ഇടയിൽ ഏറെ അപകടകരമായ ഭാഗത്തായിരുന്നു മുറിവെന്നും, ഹൃദയത്തിലേക്കുള്ള രക്തക്കുഴലുകളും ശ്വസനത്തെ സഹായിക്കുന്ന ഞരമ്പുകളും സ്ഥിതി ചെയ്യുന്നിടത്ത് ശസ്ത്രക്രിയ ചെയ്യുന്നത് ഒട്ടേറെ വെല്ലുവിളികൾ നിറഞ്ഞതായിരുന്നു എന്നും ഡോ. ഷോൺ ടി. ജോസഫ് പറഞ്ഞു. ശ്വസനത്തെയും സംസാരശേഷിയെയും സംരക്ഷിക്കുന്ന ഞരമ്പുകൾക്ക് പരിക്കേൽപ്പിക്കാതെ, കുട്ടിയുടെ ശ്വാസനാളത്തെയും അന്നനാളത്തേയും ഏറെ ശ്രദ്ധയോടെ വേർപെടുത്തേണ്ടിയിരുന്നു. എല്ലാവരുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനമാണ് അതീവ സങ്കീർണാവസ്ഥയെ പരിഹരിച്ച് സർജറി വിജയകരമായി പൂർത്തിയാക്കാൻ സഹായിച്ചതെന്നും അദ്ദേഹം വ്യക്തമാക്കി.

ശസ്ത്രക്രിയയ്ക്ക് ശേഷം ആഴ്ചകളോളം കുട്ടി തീവ്രപരിചരണ വിഭാഗത്തിലായിരുന്നു. ട്യൂബിലൂടെയായിരുന്നു ഭക്ഷണം നൽകിയിരുന്നത്. കടുത്ത പനിയും ശ്വാസതടസ്സവും ഉൾപ്പെടെയുള്ള വെല്ലുവിളികൾ ഇതിനിടയിൽ ഉണ്ടായെങ്കിലും ഡോക്ടർമാരുടെ കൃത്യമായ ഇടപെടലിലൂടെ കുട്ടി പൂർണ്ണ ആരോഗ്യവതിയായി. പ്രിയാൻഷി ഇപ്പോൾ സാധാരണ നിലയിൽ ഭക്ഷണം കഴിക്കുകയും സംസാരിക്കുകയും ചെയ്യുന്നുണ്ട്. പിന്നീട് നടത്തിയ പരിശോധനകളിൽ പൂർണ രോഗമുക്തിയും കാണിച്ചു. അതിലുപരി കൂട്ടിരുന്നവ!ർക്കെല്ലാം ആശങ്കകളുടെ വേലിയേറ്റം സമ്മാനിച്ച ദിവസങ്ങൾക്ക് ആശ്വാസമായി അവളുടെ പുഞ്ചിരിയും.

## ഏഷ്യയിലെ ആദ്യ എ ക്ലാസ് ആർച്ച് പാലം: ഇടുക്കി എറണാകുളം ജില്ലകളെ ബന്ധിപ്പിക്കും

**അടിമാലി:** ഉദ്ഘാടനത്തിനൊരുങ്ങി കൊച്ചി ധനുഷ്കോടി ദേശീയപാതയിൽ പെരിയാറിന് കുറുകെ നിർമാണം പൂർത്തിയായ നേര്യമംഗലം പുതിയ പാലം. ഇടുക്കി എറണാകുളം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലം ഏഷ്യയിലെ ആദ്യ എ ക്ലാസ് ആർച്ച് പാലമാണ്. 91 വർഷങ്ങൾ പിന്നിട്ട പാലത്തിന് സമാന്തരമായാണ് ഉരുക്കു നിർമിത ആർച്ച് പാലം നിർമിക്കാൻ രണ്ട് വർഷം മുൻപ് നടപടി ആരംഭിച്ചത്. നിലവിലുള്ള ആർച്ച് പാലത്തിന് സമാന്തരമായാണ് പുതിയ പാലത്തിന്റെ നിർമാണ ജോലികൾ പൂർത്തിയായി വരുന്നത്. ഡീൻ! കുര്യാക്കോസ് എംപി മുൻകൈ എടുത്താണ് പുതിയ പാലത്തിന്റെ നിർമാണത്തിന് നടപടി സ്വീകരിച്ചത്.

പഴയ ആർച്ച് പാലത്തിന്റെ മാതൃകയിലാണ് 214 മീറ്റർ നീളമുള്ള പുതിയ ബോ സ്ട്രിങ് സ്റ്റീൽ ആർച്ച് പാലം (വില്ലു പോലെ സ്റ്റിൽ റാഡുകൾ ഉപയോഗിച്ചുള്ള പാലം) നിർമിക്കുന്നത്. 42 മീറ്റർ നീളത്തിൽ 5 സ്പാനുകളാണ് പുതിയ പാലത്തിനുള്ളത്. 13 മീറ്ററാണ് പാലത്തിന്റെ വീതി. വാഹനങ്ങൾക്ക് കടന്നു പോകുന്നതിന് 8 മീറ്റർ വീതിയും ഇരു വശത്തും ഒന്നര മീറ്റർ വീതിയിൽ നടപ്പാതയും ഉണ്ടാകും.

## ശിലാസ്ഥാപനം

**ചവറ:** കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ചവറ ഐ ആർ ഇ ഇൽ സാമൂഹ്യ ഉത്തരവാദിത്ത പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പാട് ചെറിയഴീക്കൽ ഫുട്ബോൾ ക്ലബിന് (സിഎഫ്എ ) സുവർണ ജൂബിലി കെട്ടിടം നിർമിച്ചു നൽകുന്നു.

കെട്ടിടത്തിന്റെ ശിലാസ്ഥാപനം സി.ആർ. മഹേഷ് എംഎൽഎ നിർവഹിച്ചു.ഐആർഇഎൽ ചീഫ് ജനറൽ മാനേജരും യൂണിറ്റ് മേധാവിയുമായ എൻ.എസ്. അജിത് പദ്ധതി വിശദീകരിച്ചു. ആലപ്പാട് ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ജയശ്രീ തൃദീപ്, കൊല്ലം ജില്ലാ പഞ്ചായത്ത് അംഗം വരുൺ ആലപ്പാട്, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് അംഗം യു. ഉല്ലാസ്, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ സുഹാസിനി, ചെറിയഴീക്കൽ കരയോഗം പ്രസിഡൻറ് രാജപ്രിയൻ, ഐആർ ഇഎൽ ജനറൽ മാനേജർ ശ്രീലാൽ, ഡെപ്യൂട്ടി ജനറൽ മാനേജർ ഭക്തദർശൻ, സിഎഫ്എ പ്രസിഡൻറ് എം.എസ്. കുമാർ, സെക്രട്ടറി ശ്രീകണ്ഠൻ എന്നിവർ പ്രസംഗിച്ചു.

## വോട്ടർപട്ടികയിൽ പേര് ചേർക്കാനും തിരുത്തലുകൾ വരുത്താനും അവസരം

**പത്തനംതിട്ട:** അർഹരായ എല്ലാ വോട്ടർമാർക്കും വോട്ടർപട്ടികയിൽ പേര് ചേർക്കാനും തിരുത്തലുകൾ വരുത്തുന്നതിനും പട്ടികയിലെ അപാകതകൾ പരിഹരിക്കുന്നതിനുമായി 2027 ജനുവരി ഒന്ന് യോഗ്യതാ തീയതിയായി നിശ്ചയിച്ച് വോട്ടർ പട്ടികയുടെ സ്പെഷ്യൽ സമ്മറി റിവിഷൻ (എസ്എസ്ആർ) നടത്തുന്നതിന് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ ഉത്തരവ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് നവംബർ രണ്ടിനകം പോളിംഗ് സ്റ്റേഷനുകളുടെ യുക്തിസഹമായ പുന:ക്രമീകരണം, നവംബർ 12നകം കരട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കൽ എന്നിവ പൂർത്തിയാക്കണം. അവകാശവാദങ്ങളും ആക്ഷേപങ്ങളും നവംബർ 12 മുതൽ ഡിസംബർ 11 വരെ സമർപ്പിക്കാം. ഡിസംബർ 28നകം ഇവയുടെ തീർപ്പാക്കൽ പൂർത്തിയാക്കണം. അന്തിമ വോട്ടർപട്ടിക 2027 ജനുവരി നാലിന് പ്രസിദ്ധീകരിക്കും.

പുതിയ വോട്ടർ രജിസ്ട്രേഷൻ, വിവരങ്ങളുടെ തിരുത്തൽ, താമസസ്ഥലമാറ്റം, വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനോ നീക്കം ചെയ്യുന്നതിനോ ഉള്ള അപേക്ഷകൾ എന്നിവ സംബന്ധിച്ച് തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കണം. അപേക്ഷകർ നിയമപ്രകാരമുള്ള ഫോം ആറ്, ഏഴ്, എട്ട് എന്നിവ ഓൺലൈനായി സമർപ്പിക്കണം. അർഹരായ വോട്ടർമാരെ വോട്ടർപട്ടികയിൽ ചേർക്കുന്നതിനായി വില്ലേജ് തലങ്ങളിൽ 31 വരെ ഹെൽപ് ഡെസ്ക്കുകളുടെ സേവനം ലഭിക്കും. വോട്ടർപട്ടിക പുതുക്കലുമായി ബന്ധപ്പെട്ട വിവരങ്ങൾക്കും സംശയനിവാരണത്തിനുമായി ബന്ധപ്പെട്ട ബൂത്ത് ലെവൽ ഓഫീസറെയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറെയോ സമീപിക്കണം. വിവരങ്ങൾക്ക് ജില്ലാ ഇലക്ഷൻ വിഭാഗവുമായി 0468 2224256 നമ്പരിൽ ബന്ധപ്പെടണം.

## ഷഗുൺ അവതരിപ്പിക്കുന്ന കോട്ടൺ, സിൽക്ക്, ആഭരണ പ്രദർശനം നവംബർ 2 വരെ തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** ഷഗുൺ അവതരിപ്പിക്കുന്ന കോട്ടൺ, സിൽക്ക്, ആഭരണ പ്രദർശനം തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നവംബർ 2 വരെ നടക്കും. രാവിലെ 10 മുതൽ രാത്രി 9 വരെയാണ് പ്രദർശനം. കൈത്തറി, കരകൗശല വസ്തുക്കൾ, ആഭരണങ്ങൾ, സാരികൾ, ഡ്രസ് മെറ്റീരിയലുകൾ, ഖാദി കുർത്ത, സ്യൂട്ട് പീസുകൾ, വീട് അലങ്കാര വസ്തുക്കൾ എന്നിവയുടെ പ്രത്യേക വിൽപനയാണ് പ്രദർശനത്തിലൂടെ ലക്ഷ്യമിടുന്നത്. രാജസ്ഥാനിലെ കൈത്തറി ആഭരണങ്ങൾ, പരവതാനികൾ, ദുരി’കൾ, മൊജാരി/ജൂട്ടി ചെരിപ്പുകൾ, മാർബിൾ കരകൗശല വസ്തുക്കൾ, ആനക്കൊമ്പ് ഉൽപന്നങ്ങൾ എന്നിവയും ഒഡീഷയിലെ പത്തച്ചിത്ര, മധുബാനി പെയിന്റിങ്ങുകളും പ്രദർശനത്തിന്റെ ഭാഗമാണ്. ബന്ദാനി, ബന്ദേജ് തുടങ്ങിയ വർണാഭമായ വസ്ത്രങ്ങളും പ്രദർശനത്തിനെത്തുന്നുണ്ട്. ഇന്ത്യയുടെ കിഴക്കൻ ഭാഗങ്ങളിൽ നിന്നുള്ള ഗ്രാമീണ നെയ്ത്തുകാരെ ഒന്നിപ്പിക്കുന്ന വീവേഴ്സ് ഹാൻഡ്ലൂം’വിഭാഗത്തിൽ, ആകർഷകമായ കൈത്തറി ഉൽപന്നങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്നു. പരമ്പരാഗത നെയ്ത്ത് വിദ്യകൾ ഉപയോഗിച്ച് ആധുനിക ജീവിതശൈലിക്ക് അനുയോജ്യമായ ഉൽപന്നങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഈ പ്രദർശനത്തിന്റെ പ്രധാന ലക്ഷ്യം. ധാക്കയിൽ നിന്നുള്ള ബിശ്വജിത് സാഹ, പ്രശസ്തമായ ധാക്കൈ മസ്ലിൻ ജംദാനി സാരികൾ പ്രദർശിപ്പിക്കുന്നുണ്ട്. സൂക്ഷ്മമായ വരകളോട് കൂടിയ ജൂട്ട്മസ്ലിൻ സാരികൾ, ടംഗൽ സാരികളും പ്രദർശനത്തിനെത്തുന്നവരെ കാത്തിരിക്കുന്നു. സമ്മാനമായി നൽകാവുന്ന ഒട്ടനവധി ഉൽപന്നങ്ങളും ഈ പ്രദർശനത്തിലുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 8095688238, 9929911293.

സൊസൈറ്റി ടുഡേ
SOCIETY TODAY




പശ്ചിമേഷ്യയിലെ ഏറ്റവും വലിയ ജ്വല്ലറി ഡെസ്റ്റിനേഷനായ 'ജ്യുവൽ ഓഫ് ജോയ്', യുഎഇ വിദേശവ്യാപാര മന്ത്രി ഡോ. താനി ബിൻ അഹമ്മദ് അൽ സെയൂദി ഉദ്ഘാടനം ചെയ്യുന്നു. ദുബായിലെ ഇന്ത്യൻ കോൺസൽ ജനറൽ ഡോ. ഇ വിഷ്ണുവർധൻ റെഡ്ഡി, ഇത്ത്റ ദുബായ് സിഇഒ ഇസ്സാം ഗലധാരി, ദുബായ് ഗോൾഡ് ഡിസ്ട്രിക്ട് വ്യാപാര വിഭാഗം സീനിയർ ഡയറക്ടർ റാഷിദ് അൽ ഹർമൂദി, ദുബായ് ഗോൾഡ് ആൻഡ് ജ്വല്ലറി ഗ്രൂപ്പ് ചെയർമാൻ തവഹിദ് അബ്ദുള്ള, ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ഡോ. ജോയ് ആലുക്കാസ്, ജോയ്ആലുക്കാസ് ജ്വല്ലറി സിഇഒ ജോൺ പോൾ ആലുക്കാസ്, ജോയ്ആലുക്കാസ് കുടുംബാംഗങ്ങൾ, മറ്റ് പ്രമുഖ വ്യക്തികൾ എന്നിവർ സമീപം .

# ജ്യുവൽ ഓഫ് ജോയ് പ്രവർത്തനമാരംഭിച്ചു

**ദുബായ്/ യുഎഇ:** പശ്ചിമേഷ്യയിലെ ഏറ്റവും വലിയ ജ്വല്ലറി ഡെസ്റ്റിനേഷനായ 'ജ്യുവൽ ഓഫ് ജോയ്' ദുബായ് ഗോൾഡ് സിറ്റിയിൽ പ്രവർത്തനമാരംഭിച്ചു. ആഗോള ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസിന്റെ കീഴിലുള്ള പുതിയ ഷോറൂമിന്റെ ഉദ്ഘാടനം യുഎഇ വിദേശവ്യാപാര മന്ത്രി ഡോ. താനി ബിൻ അഹമ്മദ് അൽ സെയൂദി നിർവഹിച്ചു. ദുബായിലെ ഇന്ത്യൻ കോൺസൽ ജനറൽ ഡോ. ഇ വിഷ്ണുവർധൻ റെഡ്ഡി, ഇത്ത്റ ദുബായ് സിഇഒ ഇസ്സാം ഗലധാരി, ദുബായ് ഗോൾഡ് ഡിസ്ട്രിക്ട് വ്യാപാര വിഭാഗം സീനിയർ ഡയറക്ടർ റാഷിദ് അൽ ഹർമൂദി, ദുബായ് ഗോൾഡ് ആൻഡ് ജ്വല്ലറി ഗ്രൂപ്പ് ചെയർമാൻ തവഹിദ് അബ്ദുള്ള, ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ഡോ. ജോയ് ആലുക്കാസ്, ജോയ്ആലുക്കാസ് ജ്വല്ലറി സിഇഒ ജോൺ പോൾ ആലുക്കാസ്, ജോയ്ആലുക്കാസ് കുടുംബാംഗങ്ങൾ, വിശിഷ്ടാതിഥികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ലോകോത്തര ജ്വല്ലറി ഷോപ്പിംഗ് അനുഭവം സാധ്യമാകുന്ന തരത്തിൽ, 25000 ചതുരശ്രയടി വിസ്തീർണത്തിലാണ് പുതിയ ഷോറൂം ഒരുക്കിയിട്ടുള്ളത്. പരമ്പരാഗത സ്വർണാഭരണങ്ങൾ, വിവാഹാവശ്യങ്ങൾക്കുള്ള ആഭരണ സെറ്റുകൾ, വജ്രാഭരണങ്ങൾ, അപൂർവ രത്നങ്ങൾ എന്നിങ്ങനെ വിപുലമായ ആഭരണശേഖരമാണ് ഷോറൂമിലുള്ളത്.

ആഭരണങ്ങൾ വാങ്ങുന്നതിനൊപ്പം വ്യത്യസ്തമായ അനുഭവങ്ങളും ലഭിക്കുന്ന രീതിയിലാണ് ഷോറൂം സജ്ജീകരിച്ചിരിക്കുന്നത്. ഷോറൂമിന്റെ പ്രധാന ആകർഷണമായ 'റോയൽ ബാംഗിൾ വോക്ക്', ദുബായിലെ ഇന്ത്യൻ കോൺസൽ ജനറൽ ഡോ. ഇ വിഷ്ണുവർധൻ റെഡ്ഡി ഉദ്ഘാടനം ചെയ്തു. ഭീമാകാര വളയുടെ മാതൃകയിൽ ഒരുക്കിയ റോയൽ ബാംഗിൾ വോക്കിലൂടെ ഉപഭോക്താക്കൾക്ക് പ്രവേശിക്കാനും ആഭരണങ്ങൾ പർച്ചേസ് ചെയ്യാനുമുള്ള സൗകര്യമാണുള്ളത്. ഉപഭോക്താക്കളുടെ ഇഷ്ടാനുസരണം ആഭരണങ്ങൾ രൂപകൽപ്പന ചെയ്യാനുള്ള ഡിസൈനർ സ്റ്റുഡിയോ, സ്വകാര്യതയോടെ ആഭരണങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള വിഐപി ലോഞ്ച്, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, ആഭരണങ്ങളുടെ അറ്റകുറ്റപ്പണിക്കും പരിപാലനത്തിനുമുള്ള വിഭാഗം എന്നിവയും ഷോറൂമിൽ ഒരുക്കിയിട്ടുണ്ട്. നാൽപതു വർഷത്തോടടുക്കുന്ന യുഎഇയിലെ ബിസിനസ് പ്രവർത്തനങ്ങളിലെ പ്രധാന നാഴികക്കല്ലായാണ് പുതിയ ഷോറൂമിനെ അവതരിപ്പിക്കുന്നതെന്നും രാജ്യത്തെ സ്വർണവ്യാപാര മേഖലയ്ക്കുള്ള ആദരവാണ് ഷോറൂമെന്നും ജോയ്ആലുക്കാസ് ഗ്രൂപ്പ് അറിയിച്ചു. ആഭരണ വില്പനയ്ക്കുള്ള ഷോറൂം എന്നതിലുപരി, ജോയ്ആലുക്കാസ് ഗ്രൂപ്പിനെ വിശ്വസിക്കുകയും പിന്തുണയ്ക്കുകയും ചെയ്ത ദുബായ് നഗരത്തോടുള്ള ആദരവ് കൂടിയാണ് പുതിയ ഷോറൂമെന്ന് ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ഡോ. ജോയ് ആലുക്കാസ് അഭിപ്രായപ്പെട്ടു. കഴിഞ്ഞ നാൽപതു വർഷത്തിനിടയിൽ അതിശയകരമാം വിധം വളർച്ച കൈവരിച്ച നഗരത്തിൽ പുതിയ ഷോറൂം തുറക്കാൻ സാധിച്ചതിൽ സന്തോഷമുണ്ട്. പാരമ്പരാഗതതനിമയും ആധുനിക മികവും സമന്വയിച്ച ആഭരണ ശേഖരമാണ് ഷോറൂമിൽ ഒരുക്കിയിട്ടുള്ളത്. ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ചത് നൽകുന്നതിന്റെ ഭാഗമായാണ് 'റോയൽ ബാംഗിൾ വോക്ക്' സജ്ജീകരിച്ചതെന്നും, ആഗോള ജ്വല്ലറി ഷോപ്പിംഗ് അനുഭവത്തിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഉപഭോക്താക്കളുടെ ആവശ്യങ്ങൾ മുൻകൂട്ടി അറിയുകയും അവർക്കായി മികച്ചത് നൽകുകയും ചെയ്തതിന്റെ ഉത്തമ ഉദാഹരണമാണ് ജ്യുവൽ ഓഫ് ജോയ് എന്ന് ജോയ്ആലുക്കാസ് ജ്വല്ലറി സിഇഒ ജോൺ പോൾ ആലുക്കാസ് പറഞ്ഞു. ആഭരണ വ്യവസായരംഗത്ത് 7 പതിറ്റാണ്ടിലേറെ പാരമ്പര്യമുള്ള ജോയ്ആലുക്കാസിന് 13 രാജ്യങ്ങളിലായി ഇരുനൂറിലധികം ഷോറൂമുകളുണ്ട്.

# ഒപ്പോ കെ14 പ്ലസ് പുറത്തിറക്കി

**കൊച്ചി:** ഒപ്പോ ഇന്ത്യ തങ്ങളുടെ പുതിയ സ്മാർട്ട്ഫോണായ ഒപ്പോ കെ14 പ്ലസ് വിപണിയിൽ അവതരിപ്പിച്ചു. മികച്ച പ്രകടനവും ദീർഘകാല ഈടും ലക്ഷ്യമിട്ട് നിർമ്മിച്ചിരിക്കുന്ന ഈ ഫോൺ സാങ്കേതികവിദ്യയുടെ പുതിയൊരു അനുഭവമാണ് ഉപഭോക്താക്കൾക്ക് സമ്മാനിക്കുന്നത്. ശക്തമായ ഫീച്ചറുകളോടെ എത്തുന്ന ഈ സ്മാർട്ട്ഫോൺ ദൈനംദിന ഉപയോഗത്തിന് ഏറെ അനുയോജ്യമാണ്. കരുത്തുറ്റ മീഡിയടെക് ഡൈമെൻസിറ്റി പ്രൊസസറും ഉയർന്ന റിഫ്രെഷ് റേറ്റുള്ള ഡിസ്പ്ലേയും കെ14 ഫോണിന്റെ സവിശേഷതയാണ്. കൂടാതെ, ദീർഘനേരം ചാർജ് നിൽക്കുന്ന 8000 എംഎഎച്ച് ബാറ്ററിയും മികച്ച ചിത്രങ്ങൾ പകർത്താൻ സഹായിക്കുന്ന ക്യാമറയും ഇതിന്റെ പ്രധാന ആകർഷണങ്ങളാണ്. സോളാർ ഓറഞ്ച്, സ്റ്റാർ വൈറ്റ് എന്നീ രണ്ട് ആകർഷകമായ നിറങ്ങളിൽ ഈ സ്മാർട്ട്ഫോൺ ലഭ്യമാകും.




വില വിവരങ്ങൾ പരിശോധിക്കുമ്പോൾ 6ജിബി+128ജിബി വേരിയന്റിന് 29,999 രൂപയും, 8ജിബി+128ജിബി വേരിയന്റിന് 32,999 രൂപയും,8ജിബി+256ജിബി വേരിയന്റിന് 35,999 രൂപയുമാണ് വില വരുന്നത്. പ്രമുഖ ഓൺലൈൻ ഷോപ്പിംഗ് സ്റ്റോറുകൾ വഴി ഉപഭോക്താക്കൾക്ക് ഫോൺ വാങ്ങുമ്പോൾ ബാങ്ക് കിഴിവുകളും മറ്റ് ഓഫറുകളും വഴി കൂടുതൽ ആകർഷകമായ വിലയിൽ ഇത് സ്വന്തമാക്കാൻ സാധിക്കും.



# സൈബർ തട്ടിപ്പ് ബോധവത്കരണവുമായി എച്ച്ഡിഎഫ്സി ബാങ്ക്

**കൊച്ചി:** സൈബർ തട്ടിപ്പുകളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിനായി എച്ച്ഡിഎഫ്സി ബാങ്ക് നടത്തിയ 'സൈബർ ഫ്രോഡ് സുരക്ഷ' ക്യാമ്പയിനിലൂടെ 1.8 ലക്ഷത്തിലധികം പേർക്ക് പരിശീലനം നൽകി. 2026 ജൂലൈ മുതൽ ഒക്ടോബർ വരെ രാജ്യത്തുടനീളം 8,800ലധികം ബോധവത്കരണ ശിൽപശാലകളാണ് സംഘടിപ്പിച്ചത്. വിദ്യാർഥികൾ, മുതിർന്ന പൗരന്മാർ, ഉപഭോക്താക്കൾ, ജീവനക്കാർ തുടങ്ങിയവർക്കായി നടത്തിയ പരിപാടികളിൽ ഡിജിറ്റൽ അറസ്റ്റ്, നിക്ഷേപ തട്ടിപ്പ്, ജോലി തട്ടിപ്പ്, ക്യുആർ കോഡ് തട്ടിപ്പ് എന്നിവയെക്കുറിച്ച് വിശദീകരിച്ചു. ഒടിപി, സിവിവി, യുപിഐ പിൻ തുടങ്ങിയ രഹസ്യ വിവരങ്ങൾ പങ്കുവയ്ക്കരുതെന്നും ബാങ്ക് നിർദേശിച്ചു. സൈബർ തട്ടിപ്പിന് ഇരയായാൽ ഉടൻ 1930 എന്ന ഹെൽപ്‌ലൈൻ നമ്പറിൽ ബന്ധപ്പെടണമെന്നും ബാങ്ക് അറിയിച്ചു.

# പോപ്പീസ് അറ്റാദായത്തിൽ 14 ശതമാനം വർധന

**കൊച്ചി:** പോപ്പീസ് ബേബി കെയർ പ്രോഡക്ട്സ് ലിമിറ്റഡ് പ്രവർത്തന വരുമാനത്തിൽ വർധന. 2025-26 സാമ്പത്തികവർഷത്തിൽ വരുമാനം 20 ശതമാനത്തോളം വളർച്ചയോടെ 161.93 കോടിയായി.

അറ്റാദായം മുൻവർഷത്തേക്കാൾ 14 ശതമാനത്തോളം ഉയർന്ന് 8.37 കോടി രൂപയിലെത്തി.

# എൽആൻഡ്ടി ഫിനാൻസിനു 33 ശതമാനം വാർഷികവളർച്ച

**തിരുവനന്തപുരം:** എൽ ആൻഡ് ടി ഫിനാൻസ് ലിമിറ്റഡ് 2026-27 സാമ്പത്തികവർഷത്തിൻറെ രണ്ടാം പാദത്തിൽ നികുതിക്കു ശേഷമുള്ള എക്കാലത്തെയും ഉയർന്ന ഏകീകൃത ലാഭമായ 975 കോടി രൂപയുടെ നേട്ടം കൈവരിച്ചു.

കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 33 ശതമാനമാണ് വളർച്ച. ഏകീകൃത വായ്പാബുക്ക് 28 ശതമാനം വളർന്ന് 1,36,635 കോടി രൂപയിലെത്തി. റീട്ടെയിൽ വായ്പാവിതരണം 27 ശതമാനം വർധിച്ച് 24,027 കോടി രൂപയായി.

# അൽഫോൻസാ കണ്ണാശുപത്രി ഉദ്ഘാടനം ചെയ്തു

**കുറവിലങ്ങാട്:** അൽഫോൻസാ ഐ ഹോസ്പിറ്റലിന്റെ മൂന്നാമത്തെ ആശുപത്രി കുറവിലങ്ങാട് മന്ത്രി മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു. അത്യാധുനിക ഓപ്പറേഷൻ തിയറ്റർ കോംപ്ലക്സിന്റെ ഉദ്ഘാടനം ജോസ് കെ. മാണി എംപി നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡൻറ് സിബി കെ. മാണി അധ്യക്ഷത വഹിച്ചു. കുറവിലങ്ങാട് ആർച്ച്പ്രീസ്റ്റ് ഫാ. ഡോ. തോമസ് മേനാച്ചേരി അനുഗ്രഹ പ്രഭാഷണം നടത്തി.

ജില്ലാ പഞ്ചായത്തംഗം ജോസ്മോൻ മുണ്ടയ്ക്കൽ, ഐഎംഎ പാലാ പ്രസിഡൻറ് ഡോ. സോം വി. തോമസ്, ഇടുക്കിമലനാട് ഒഫ്താൽമിക് ക്ലബ് പ്രസിഡൻറ് ഡോ. എം.ഐ. മോഹൻ, കോന്നി ഗവ. മെഡിക്കൽ കോളജ് മെഡിക്കൽ സൂപ്രണ്ട് ഡോ. എ. ഷാജി, ആശുപത്രി മാനേജിംഗ് ഡയറക്ടർ ഡോ. അലക്സ് ബേബി, മാനേജിംഗ് പാർട്ണർ ഡോ. ടീന അലക്സ് എന്നിവർ പ്രസംഗിച്ചു.

അത്യാധുനിക ഡയഗ്നോസ്റ്റിക്, ഇമേജിംഗ് സൗകര്യങ്ങൾ, നേത്ര ലേസർ ചികിത്സാ സംവിധാനങ്ങൾ, നൂതന ശസ്ത്രക്രിയാ സൗകര്യങ്ങളോടുകൂടിയ ഓപ്പറേഷൻ തിയറ്റർ കോംപ്ലക്സ് എന്നിവ പുതിയ കേന്ദ്രത്തിലുണ്ട്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com